MR. KANNARA GOPALA PANICKER (*Thiruvalla II—General*): വിളവംകോട്താലൂക്കിൽ എത്രരൂപയ്ക്ക് വളം ഈയാണ്ടിൽ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. V. O. MARKOS: സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

MR. K. P. NILAKANTA PILLAI: ആ താലൂക്കിൽ നട്ടാലം കിള്ളിയൂർ ഈ പകുതികളിലെ വിളവ് കരിവാണെന്നു കാണിച്ച് ഈയാണ്ടിൽ ഗവണ്മെൻറിലേക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതായറിയാമോ?

HON'BLE MR. V. O. MARKOS: അതിനെപ്പറ്റി എനിക്കറിവില്ല.

MR. K. P. NILAKANTA PILLAI: ഈ പകുതികളിൽ വളരെ ഉപ്പുമായ ചിലവുകൊണ്ടു ജലവിതരണം നടത്തിയാൽ വളരെ മെച്ചമായ തരം വിളവ് കിട്ടാൻ സാധിക്കുന്നതരത്തിലുള്ള നിലങ്ങളാണ് അവിടെയുള്ളതെന്നു മെമ്പർക്ക് അറിയാമോ?

HON'BLE MR. V. O. MARKOS: അങ്ങനെയാണോ അല്ലയോ എന്നുള്ളകാര്യം അന്വേഷിച്ചു പറയാം.

MR. K. P. NILAKANTA PILLAI: ബഹുമാനപ്പെട്ട മെമ്പർ ആ സ്ഥലം ചെന്നുകണ്ടിട്ടുണ്ടോ?

HON'BLE MR. V. O. MARKOS: കണ്ടിട്ടില്ല.

MR. K. P. NILAKANTA PILLAI: ആ വളരെ കഷ്ടമല്ലേ?

HON'BLE MR. V. O. MARKOS: ആ കഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

Construction of Mosques.

508. MR. P. S. MUHAMMED (*Muvattupuzha I—Muslim*): Will the Hon'ble Prime Minister be pleased to state the number of applications for the construction of mosques rejected during the period of one year beginning with Makarom 1123?

HON'BLE MR. T. K. NARAYANA PILLAI: രണ്ണം.

MR. ABDUL AZIZ (*Trivandrum I—Muslim*): [illegible] എത്ര മെയണ്ണം അനുവദിച്ചിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI: അതിലേക്കുള്ള കണക്ക് എന്റെ കൈവശമില്ല.

MR. ABDUL AZIZ: ഗവണ്മെൻറിന്റെ ഇപ്പോഴത്തെയുള്ള രീതി അനുസരിച്ചാണ് പള്ളി കെട്ടുന്നതിനും മറ്റും അനുവാദം കൊടുത്തുകൊണ്ടിരിക്കുന്നതെന്നുള്ള വസ്തുത ഗവണ്മെൻറ് സമ്മതിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI: നിലവിലിരിക്കുന്ന രൂപം അനുസരിച്ചാണ് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് പ്രവർത്തിച്ചിട്ടുള്ളത്. ഇപ്പോഴത്തെ ഗവണ്മെന്റിന്റെ ഇഷ്ടംപോലെ ഇതിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

MR. ABDUL AZIZ: നിലവിലിരിക്കുന്ന രൂപത്തിൽ വല്ല അയവും വരുത്തുന്നതിനു നിശ്ചയിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: നിലവിലിരിക്കുന്ന രൂപത്തിനെ പുനഃപരിശോധന ചെയ്യണമെന്നു ഗവണ്മെന്റ് വിചാരിക്കുന്നു.

MR. P. S. MUHAMMED: അതുരാധനക്കുവേണ്ടിയാണ് പള്ളി പണിയിക്കുന്നതിന്റെ ഉദ്ദേശമെന്നു ഗവണ്മെന്റിനു അറിഞ്ഞുമേ?

HON'BLE MR. T. K. NARAYANA PILLAI: അറിയാം.

MR. P. S. MUHAMMED: അങ്ങനെയാണെങ്കിൽ ഇതു് അനുവദിക്കാത്തതു കഷ്ടമല്ലേ?

HON'BLE MR. T. K. NARAYANA PILLAI: കുറഞ്ഞതു ഫാ ഠ കുടുംബക്കാരെങ്കിലും ഉള്ള ഒരു സ്ഥലത്തു മാത്രമേ ദേവാലയങ്ങൾ പൊട്ടിക്കുന്നതിനു അനുവാദം കൊടുക്കാൻ പാടുള്ളുവെന്നാണ് രൂപം. എന്നാൽ, ഈ ചോദ്യത്തിനു കാരണമായ അപേക്ഷയിൽ പതിനഞ്ചോ ഇരുപതോ വീട്ടുകാർമാത്രമേ അപേക്ഷിച്ചിട്ടുള്ളു.

MR. P. T. CHACKO: അതുരാധനയെ സംബന്ധിച്ചിടത്തോളം ഫാ ഠ കുടുംബമെന്നോ ൻവ കുടുംബമെന്നോ ഉള്ള ഭേദം വല്ലതും ഉണ്ടോ. ൻവ കുടുംബക്കാരാണെങ്കിൽ അതുരാധനകൊണ്ടു പ്രയോജനമില്ലേ?

MR. PRESIDENT: ആ ചോദ്യം ഇവിടെ ഉദിക്കുന്നില്ല.

Muslim female graduates.

509. MR. P. S. MUHAMMED: Will the hon'ble Prime Minister be pleased to state;

(*a*) the number of Muslim female graduates who are in the service of Government; and

(*b*) if there be any, when she was appointed and to what post?

HON'BLE MR. T. K. NARAYANA PILLAI: (എ) രണ്ടു.

(ബി) ഫെ-ന്യ-ഫാ ഠ-ൽ ഒരു സ്ത്രീയെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ക്ലാർക്കായി നിയമിച്ചിട്ടുണ്ടു. ന-ന്യ-ഫാ ഠ-ലും ർ-ഫ-ഫാ ഠ-ലുമായി രണ്ടു സ്ത്രീകളെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപികമാരായി നിയമിച്ചിട്ടുണ്ടു്.

MR. T. T. KESAVA SASTRI: മിസ് ഐഷാബീവിക്കു ഗവണ്മെന്റിൽ ഉദ്യോഗമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly